മന്ത്രിമാരുടെ ശമ്പളം കുറച്ച നടപടി

2 (1470) ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം മന്ത്രിമാരുടെ ശമ്പളത്തിൽ കുറവു വരുത്തിയിട്ടുണ്ടോ ; എങ്കിൽ എത്ര മാസത്തേയ്ക്ക് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ശമ്പളം പൂർണ്ണതോതിൽ പുനഃസ്ഥാപിച്ചിട്ടുണ്ടോ ; എങ്കിൽ എന്നു മുതലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജനുവരി 2002 മുതൽ 6 മാസത്തേയ്ക്ക് ശമ്പളത്തിൽ 20% കുറവ് വരുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. 2002 ജൂലായ് മുതൽ.

ജില്ലാതല പൊതുജന സമ്പർക്ക പരിപാടി

3 (1471) ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ തലത്തിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കാൻവേണ്ടി മുഖ്യമന്ത്രി ജില്ലാതല പൊതുജന സമ്പർക്ക പരിപാടി സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇത് എന്നുമുതൽ നടത്താൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ)&(ബി) പരിശോധിക്കുന്നതാണ്.

സെക്രട്ടേറിയറ്റ് പടിക്കലെ സമരങ്ങൾ

4 (1472) ശ്രീ. എ.എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റ് പടിക്കൽ സമരങ്ങൾ നിരോധിച്ചിട്ടുണ്ടോ ; എങ്കിൽ ജനങ്ങളുടെ ന്യായമായ ആവശ്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനുള്ള മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത നിരോധനം എല്ലാവർക്കും ബാധകമാണോ എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സെക്രട്ടേറിയറ്റ് പടിക്കൽ സമരങ്ങൾ നിരോധിച്ചിട്ടില്ല.

(ബി) ഉത്തരം 'എ'യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

ഗുജറാത്ത് ഭൂകമ്പബാധിതരെ സഹായിക്കാൻ സർക്കാർ സമാഹരിച്ച തുകയുടെ വിനിയോഗം

5 (1473) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുജറാത്ത് ഭൂകമ്പബാധിതരെ സഹായിക്കാൻ കേരള ഗവൺമെന്റിന്റെ ആഭിമുഖ്യത്തിൽ എത്ര രൂപ സമാഹരിച്ചിട്ടുണ്ട് ;

(ബി) സർക്കാർ ആഭിമുഖ്യത്തിൽ ഗുജറാത്ത് ഭൂകമ്പ ദുരിതാശ്വാസ നിധി സംഭരിക്കാൻ തീരുമാനിച്ചത് എന്നാണ് ;

(സി) കേരള ഗവൺമെന്റ് സംഭരിച്ച തുകയിൽ എത്ര രൂപ ഇതിനോടകം ഗുജറാത്തിന് കൈമാറിയിട്ടുണ്ട് ;

(ഡി) പ്രസ്തുത പണം ഉപയോഗിച്ച് ഗുജറാത്തിൽ നടപ്പിലാക്കിയ ദുരിതാശ്വാസ പ്രവൃത്തിയുടെ വിശദാംശങ്ങൾ പരിശോധിച്ചിട്ടുണ്ടോ ;

(ഇ) ദുരിതാശ്വാസ ബാധിതരെ സഹായിക്കാൻ സർക്കാർ സംഭരിക്കുന്ന തുക നിർദ്ദിഷ്ട കാര്യങ്ങൾക്ക് ഉപയോഗിക്കാതെ സൂക്ഷിക്കുന്നത് ക്രമപ്രകാരമാണോ ;

(എഫ്) ഗുജറാത്ത് നിധിയുടെ കാര്യത്തിൽ ഈ കുറ്റം ചെയ്ത ആളുകളുടെ പേരിൽ സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 12,52,47,085 രൂപ ഇതുവരെ സമാഹരിച്ചിട്ടുണ്ട്.

(ബി) 1-2-2001-ലാണ് തീരുമാനിച്ചത്.

(സി) 3 കോടി (മൂന്ന് കോടി രൂപ മാത്രം) ഗുജറാത്ത് ഗവൺമെന്റിന് കൈമാറിയിട്ടുണ്ട്.

(ഡി)&(ഇ) ഗുജറാത്തിൽ ഭൂകമ്പ ബാധിതരായ ഒരു ഗ്രാമത്തിലെ മുഴുവൻ വീടുകളും സർക്കാർ സ്കൂൾ കെട്ടിടവും ഒരു ആരോഗ്യകേന്ദ്രവും ഉൾപ്പെടെ ഒരു ഗ്രാമം മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി മുഖ്യമന്ത്രിയുടെ ഗുജറാത്ത് ഭൂകമ്പ ദുരിതാശ്വാസ നിധിയിലേയ്ക്ക് ലഭിച്ചിട്ടുള്ള തുകയും ഇതിന് സമാനമായ തുക ഗുജറാത്ത് സർക്കാരിൽ നിന്നും ലഭിക്കുന്നതും ഉപയോഗിച്ച് നടപ്പാക്കാനാണ് തീരുമാനിച്ചിരുന്നത്. അത് അപ്രായോഗികം എന്ന് കണ്ടതിനാൽ

LIBRARY ARCHIVES Kerala Legislative Assembly